# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 05.07.2013-ൽ |
| ചോദ്യം നമ്പർ - 5834 | മറുപടിയ്ക്ക് |

### ചീക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ചീക്കല്ലൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച് കോടതിയിലുള്ള കേസിന്റെ വിധി പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) ഇല്ല. ചീക്കല്ലൂർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും സമീപ റോഡുകളുടെ നിർമ്മാണ സമയത്ത് ശ്രീമതി. ഇല്ലിക്കൽ പാത്തുമ്മ, സുൽത്താൻ ബത്തേരി സബ് കോടതിയിൽ നൽകിയ പരാതിയിൽ കോടതി നിർമ്മാണ പ്രവൃത്തികൾ നിർത്തി വയ്ക്കുന്നതിന് ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പണികൾ നിർത്തി വയ്ക്കുകയും കരാറുകാരനെ മേൽ പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. കോടതി വിധി പൊതുമരാമത്ത് വകുപ്പിന് അനുകൂലമായി വന്നതിനാൽ ബാക്കി പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) ആയതുപ്രകാരം റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ ; വിശദമാക്കുമോ ? | (സി) കോടതി വിധി വകുപ്പിന് അനുകൂലമായതിനാൽ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിന് തടസ്സങ്ങൾ ഇല്ല. |

സെക്ഷൻ ഓഫീസർ